ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.04.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഗൾഫ് മേഖലയിലെ ഇന്ത്യൻ നാവികർ സുരക്ഷിതരെന്നും ഇന്ത്യൻ കപ്പലുകൾക്ക് നേരെ അക്രമസംഭവങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും കേന്ദ്ര സർക്കാർ; എൽപിജി വിതരണം തടസ്സമില്ലാതെ തുടരുന്നതായി പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം

   **The Central Government has said that Indian sailors in the Gulf region are safe and no incidents of violence against Indian ships have been reported; the Ministry of Petroleum and Natural Gas has said that LPG supply is continuing without interruption**

2. ആന്ധ്രാപ്രദേശ് പുനഃസംഘടന (ഭേദഗതി) ബിൽ പാർലമെന്റ് പാസാക്കി. ബിൽ പാസായതോടെ അമരാവതി ആന്ധ്രാപ്രദേശിന്റെ സ്ഥിരം തലസ്ഥാനമാകും.

   **Amaravati to now be permanent capital of Andhra Pradesh; Parliament passes Reorganisation Bill,** 2026

3. സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത ഉറപ്പാക്കൽ ലക്ഷ്യമിട്ടുള്ള 'കർമയോഗി സാധനാ സപ്താഹത്തിന് രാജ്യത്ത് തുടക്കമായി.

**The 'Karmayogi Sadhana Sapta 2026 ' aimed at ensuring the efficiency of government employees has begun in the country.**

4. വോട്ടെടുപ്പിന് 7 ദിവസം മാത്രം ശേഷിക്കെ കേരളത്തിൽ നിയമസഭാതിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ;പ്രചാരണം കൊഴുപ്പിക്കാൻ ദേശീയ- സംസ്ഥാന നേതാക്കൾ രംഗത്ത്

**With 7 days to go for polling, campaigning for the Kerala Assembly elections intensifies as national and state leaders take centre stage.**

5. യേശുക്രിസ്തുവിന്റെ പീഡാനുഭവത്തിൻറേയും കുരിശുമരണത്തിൻറെയും സ്മരണയിൽ ക്രിസ്തുമത വിശ്വാസികൾ നാളെ ദുഃഖ വെള്ളി ആചരിക്കുന്നു.

**Christians to observe Good Friday tomorrow, commemorating the suffering and crucifixion of Jesus Christ.**

6. ഐപിഎല്ലിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് സൺ റൈസേഴ്സ് ഹൈദരാബാദ് പോരാട്ടം.

**Kolkata Knight Riders Sunrisers Hyderabad clash today in the IPL.**

**INTERMINISTERIAL BRIEFING (INTRO)**

രാജ്യത്തുടനീളം, എൽപിജി വിതരണം തടസ്സമില്ലാതെ തുടരുന്നതായി കേന്ദ്രസർക്കാർ. ആഗോളതലത്തിൽ വിലയിൽ മാറ്റങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും ആഭ്യന്തര സിലിണ്ടറുകളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടില്ലെന്ന് പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ അന്തർ മന്ത്രാലയ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

***വിശദാംശങ്ങളിലേക്ക്......***

***(വോയിസ്)***

**INTERMINISTERIAL BRIEFING (VOICE)**

രാജ്യത്തെ എല്ലാ വിതരണക്കാരുടെ പക്കലും ആവശ്യത്തിന് എൽപിജി ശേഖരമുണ്ടെന്ന് ശ്രീമതി സുജാത ശർമ്മ പറഞ്ഞു, നിലവിൽ ക്ഷാമം അനുഭവപ്പെടുന്നില്ലെന്നും 95% റീഫിൽ ബുക്കിംഗുകളും ഓൺലൈൻ മുഖേനയാണ് നടത്തുന്നതെന്നും അവർ വ്യക്തമാക്കി. രാജ്യത്ത് അടുത്ത 60 ദിവസത്തേക്കുള്ള ക്രൂഡ് ഓയിൽ ശേഖരം രാജ്യത്തുണ്ടെന്നും എല്ലാ റിഫൈനറികളും പൂർണ്ണ ശേഷിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും സുജാത ശർമ്മ അറിയിച്ചു.

***(ഹോൾഡ് -സുജാത ശർമ്മ)***

പശ്ചിമേഷ്യൻ സംഘർഷം രൂക്ഷമായിരിക്കുന്ന

സാഹചര്യത്തിൽ ഗൾഫ് മേഖലയിലുള്ള എല്ലാ ഇന്ത്യൻ നാവികരും സുരക്ഷിതരാണെന്നും ഇന്ത്യൻ കപ്പലുകൾക്ക് നേരെ അക്രമസംഭവങ്ങളൊന്നും റിപ്പോർട്ട് ചെയ്യിട്ടില്ലെന്നും തുറമുഖ - കപ്പൽ ഗതാഗത മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറി മുകേഷ് മംഗൾ പറഞ്ഞു. ഇതുവരെ 975-ലധികം നാവികരെ നാട്ടിലെത്തിക്കാൻ സൗകര്യമൊരുക്കിയിട്ടുണ്ടെന്നും മേഖലയിലെ നിലവിലെ സാഹചര്യം സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്നും അദ്ദേഹം വ്യക്തമാക്കി. സംഘർഷ സാഹചര്യത്തിൽ ഇറാനിലുള്ള ഇന്ത്യൻ പൗരന്മാരെ അർമേനിയ, അസർബൈജാൻ എന്നീ രാജ്യങ്ങളിലേക്ക് മാറ്റാൻ ഇന്ത്യൻ എംബസി സൗകര്യമൊരുക്കിയിട്ടുണ്ടെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു. ഇതുവരെ വിദ്യാർത്ഥികളുൾപ്പെടെ 1,200 ഇന്ത്യൻ പൗരന്മാരെ കരമാർഗ്ഗം ഈ രാജ്യങ്ങളിലേക്ക് മാറ്റിയതായി മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

***ന്യൂസ് ഡെസ്ക്, ആകാശവാണി.....***

**PETROCHEMICAL PRODUCTS**

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ആഗോള വിതരണ ശൃംഖലയിലുണ്ടായ തടസ്സങ്ങൾ കണക്കിലെടുത്ത് 40 പ്രധാന പെട്രോകെമിക്കൽ ഉൽപ്പന്നങ്ങൾക്ക് ജൂൺ 30 വരെ കസ്റ്റംസ് തീരുവ ഇളവ് നൽകാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു. മെഥനോൾ, അൺഹൈഡ്രസ് അമോണിയ, ടൊളുവിൻ, തുടങ്ങിയ ഇനങ്ങൾക്കാണ് ഇളവ് ലഭിക്കുക.

ആഭ്യന്തര വ്യവസായത്തിന് ആവശ്യമായ പെട്രോകെമിക്കൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനായുള്ള നടപടിയുടെ ഭാഗമാണിതെന്ന് ധനമന്ത്രാലയം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## RAJYA SABHA-ANDHRA BILL

ആന്ധ്രാപ്രദേശ് പുനഃസംഘടന (ഭേദഗതി) ബിൽ 2026 പാർലമെന്റ് പാസാക്കി. ബില്ലിന് രാജ്യസഭ ഇന്ന് അംഗീകാരം നൽകി. 2014 ലെ ആന്ധ്രാപ്രദേശ് പുനഃസംഘടന നിയമം ഭേദഗതി ചെയ്യുന്ന ബിൽ ലോക്സഭ നേരത്തെ പാസാക്കിയിരുന്നു. ബിൽ പാസായതോടെ, അമരാവതി ആന്ധ്രാപ്രദേശിന്റെ സ്ഥിരം തലസ്ഥാനമാകും. പുതിയ തലസ്ഥാനമായി അമരാവതിയെ സ്വീകരിച്ച ആന്ധ്രാപ്രദേശിലെ ജനങ്ങളെ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ അഭിനന്ദിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## RAMMOHAN NAIDU

സിവിൽ വ്യോമയാന പ്രവർത്തനങ്ങളുടെ സുരക്ഷയുടെയും ഭദ്രതയുടെയും കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകില്ലെന്ന് സിവിൽ വ്യോമയാന മന്ത്രി കെ റാംമോഹൻ നായിഡു. ഉത്തരവാദിത്തമുള്ള ഒരു രാജ്യം എന്ന നിലയിൽ, ഈ നയങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിയമങ്ങളും പൂർണ്ണമായും പാലിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു. ഇന്ന് ലോക്സഭയിൽ ചോദ്യോത്തര

വേളയിൽ അനുബന്ധ ചോദ്യങ്ങൾക്ക് മറുപടി നൽകുകയായിരുന്നു മന്ത്രി.

❁❁❁❁❁❁❁❁❁❁❁❁❁

## KARAMYOGI SADHNA SAPTAH

'കർമയോഗി സാധനാ സപ്താഹത്തിന് രാജ്യത്ത് തുടക്കമായി. സർക്കാർ ജീവനക്കാരുടെ ശേഷി വികസനം, പ്രകടനം മെച്ചപ്പെടുത്തൽ, കാര്യക്ഷമത ഉറപ്പാക്കൽ എന്നിവയാണ് ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. ജന ജീവിതം സുഗമമാക്കുകയും ജീവിത നിലവാരം ഉയർത്തുകയും ചെയ്യുക എന്നതാകണം ഭരണനിർവ്വഹണത്തിന്റെ പ്രധാന ലക്ഷ്യമെന്ന് ഉദ്ഘാടനപരിപാടിയെ അഭിസംബോധന ചെയ്യവേ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഉദ്യോഗസ്ഥകാര്യ പരിശീലന വകുപ്പ്, ശേഷി വികസന കമ്മീഷൻ, കർമ്മയോഗി ഭാരത് എന്നിവ സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## INDIA AND TAJIKISTAN

ഇന്ത്യയുടെയും താജിക്കിസ്ഥാന്റെയും വിദേശകാര്യ ഉദ്യോഗസ്ഥർ തമ്മിലുള്ള അഞ്ചാം ഘട്ട ചർച്ചകൾ ദുഷാൻബെയിൽ നടന്നു. ഇന്ത്യൻ അംബാസഡർ സിബി ജോർജ്ജ്, താജിക്കിസ്ഥാൻ വിദേശകാര്യ ഉപമന്ത്രി ഇഡിബെക് കലന്ദർ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. രാഷ്ട്രീയം, പ്രതിരോധം, സുരക്ഷ, വ്യാപാരം, സമ്പദ്‌വ്യവസ്ഥ, സംസ്കാരം, വിദ്യാഭ്യാസം ഉൾപ്പെടെ വിവിധ മേഖലകളിലെ സഹകരണം ചർച്ചയായി.

ബഹുരാഷ്ട്ര വേദികളിലെ സഹകരണം സംബന്ധിച്ചും ഇരുവരും ആശയവിനിമയം നടത്തി.

❁❁❁❁❁❁❁❁❁❁❁❁❁

**TRUMP WEST ASIA**

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ അമേരിക്കൻ ജനതയെ അഭസംബോധന ചെയ്ത് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഇറാൻറെ അടിസ്ഥാന സൗകര്യങ്ങളും സൈനിക ശേഷിയും നശിച്ചെന്ന് വ്യക്തമാക്കിയ ട്രംപ് അമേരിക്കൻ സൈന്യം വിജയത്തിലേക്ക് മുന്നേറുകയാണെന്നും അവകാശപ്പെട്ടു. എന്നാൽ അമേരിക്കൻ പ്രസിഡൻറിൻറെ അവകാശവാദങ്ങൾ തള്ളിയ ഇറാൻ പശ്ചിമേഷ്യയിലെ യു.എസ്-ഇസ്രായേൽ കേന്ദ്രങ്ങൾക്ക് നേരെയുള്ള ആക്രമണം തുടരുമെന്ന് അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**PM VISIT**

തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ കേരളത്തിൽ എത്തും. തിരുവല്ലയിൽ നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. തിരുവല്ല മുനിസിപ്പൽ സ്റ്റേഡിയം മുതൽ ചങ്ങനാശ്ശേരി എൻ.എസ്.എസ് കോളേജ് വരെയുള്ള പ്രദേശങ്ങളിൽ ഗതാഗത നിയന്ത്രണം ഉണ്ടാകും. സന്ദർശനത്തോടനുബന്ധിച്ച് സുരക്ഷ ശക്തമാക്കിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**KERALAM ELECTION**

വോട്ടെടുപ്പിന് 7 ദിവസങ്ങൾ മാത്രം അവശേഷിക്കെ കേരളത്തിൽ നിയമസഭാതിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ. ദേശീയ-സംസ്ഥാന നേതാക്കളെ എത്തിച്ച് ആവേശകരമായ പ്രചാരണ പരിപാടികളാണ് മുന്നണികൾ സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുന്നത്. വേട്ടെടുപ്പിന് ആവശ്യമായ സന്നാഹങ്ങൾ ഒരുക്കുന്ന തിരക്കിലാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ. തിരെഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കുള്ള രണ്ടാം ഘട്ട പരിശീലനം പുരോഗമിക്കുകയാണ്. രണ്ടാം ഘട്ട പരിശീലനം നടക്കുന്ന കേന്ദ്രങ്ങളിൽ ഡ്യൂട്ടിയുള്ള ഉദ്യോഗസ്ഥർക്ക് വോട്ട് രേഖപ്പെടുത്താനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഏപ്രിൽ7-ന് എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കാനാണ് തീരുമാനം. ഒമ്പതിനാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ മെയ് നാലിന് നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**ELECTION TVPM (INTRO)**

നിയമസഭാ തിരഞ്ഞെടുപ്പിന് 7 നാൾ മാത്രം ശേഷിക്കേ തിരുവനന്തപുരം ജില്ലയിൽ തിരഞ്ഞെടുപ്പ് പ്രചാരണം ഉച്ചസ്ഥായിയിലായി. ഇടതു വലത് എൻ ഡി എ മുന്നണികളുടെ ദേശീയ നേതാക്കൾ തലസ്ഥാന നഗരത്തിൽ എത്തിയതോടെ തിരഞ്ഞെടുപ്പ് പ്രചാരണം കൂടുതൽ ആവേശകരമായി.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.......***

*(വോയിസ്)*

## ELECTION MANIFESTO

നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രകടനപത്രികകൾ LDF, UDF മുന്നണികൾ ഇന്ന് പുറത്തിറക്കി. സി പി ഐ (എം) മുതിർന്ന നേതാവും മുഖ്യമന്ത്രിയുമായ പിണറായി വിജയൻ കോഴിക്കോട് നടന്ന ചടങ്ങിലാണ് എൽഡിഎഫ് പത്രിക പുറത്തിറക്കിയത്. കേവല ദാരിദ്ര്യം ഇല്ലാതാക്കുക, പഠനം പൂർത്തിയാക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ക്യാമ്പസ് പ്ലേസ്മെന്റ് തുടങ്ങിയ പ്രഖ്യാപനങ്ങളാണ് പ്രകടനപത്രികയിലുള്ളത്. UDF - ൻറെ പ്രകടന പത്രിക കൊച്ചിയിൽ നടന്ന ചടങ്ങിൽ മുതിർന്ന നേതാക്കൾ ചേർന്ന് പുറത്തിറക്കി. സ്ത്രീകൾക്ക് കെഎസ്ആർടിസി ബസുകളിൽ സൗജന്യ യാത്ര, കോളേജ് വിദ്യാർഥിനികൾക്ക് ആയിരം രൂപ പ്രതിമാസ ധനസഹായം തുടങ്ങിയവയാണ് യു ഡി എഫിന്റെ തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ. പാവപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകൾക്ക് പ്രതിമാസം 2,500 രൂപ റീച്ചാർജ് ഉള്ള 'ഭക്ഷ്യ ആരോഗ്യ സുരക്ഷാ കാർഡ്, എയിംസ് തുടങ്ങിയവ ഉൾപ്പെടുത്തിയ പ്രകടനപത്രിക കഴിഞ്ഞ ദിവസം എൻ ഡി എ പുറത്തിറക്കിയിരുന്നു.

## WEST BENGAL– NOTIFICATION

പശ്ചിമ ബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിലേക്കുള്ള വിജ്ഞാപനം പുറപ്പെടുവിച്ചതോടെ

നാമനിർദ്ദേശ പത്രിക സമർപ്പണം ഇന്ന് ആരംഭിച്ചു. ഈ മാസം 29-ന് നടക്കുന്ന രണ്ടാം ഘട്ടതിരഞ്ഞെടുപ്പിൽ 142 മണ്ഡലങ്ങളാണ് ജനവിധി തേടുന്നത്. ഈ മാസം 9 ആണ് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി.

❁❁❁❁❁❁❁❁❁❁❁❁❁

## MAUNDY THURSDAY

യേശുക്രിസ്തുവിന്റെ അന്ത്യ അത്താഴ സ്മരണയിൽ ഇന്ന് പെസഹാ വ്യാഴം ആചരിക്കുന്നു. കുരിശുമരണത്തിന് മുൻപ് യേശുദേവൻ ശിഷ്യന്മാരുടെ കാലുകൾ കഴുകിയതിൻറെയും, വിശുദ്ധ കുർബാന സ്ഥാപിച്ചതിൻറെയും സ്മരണയിലാണ് ലോകമെമ്പാടുമുള്ള ക്രൈസ്തവ വിശ്വാസികൾ പെസഹ ആചരിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## GOOD FRIDAY

യേശുക്രിസ്തുവിന്റെ പീഡാനുഭവത്തിൻറേയും കുരിശുമരണത്തിൻറെയും സ്മരണയിൽ ക്രിസ്തുമത വിശ്വാസികൾ നാളെ ദുഃഖ വെള്ളി ആചരിക്കുന്നു. മനുഷ്യരുടെ പാപങ്ങൾ ഏറ്റെടുത്ത് യേശു കുരിശുമരണം വരിച്ച ദിനമാണ് ദുഃഖ വെള്ളി. വിവിധ ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും കുരിശിൻറെ വഴിയും ഉണ്ടാകു. യേശുദേവന്റെ അസാധാരണമായ ത്യാഗത്തിന്റെ ഓർമ്മ പുതുക്കൽ കൂടിയാണ് ഈ ദിനം. ഉയർത്തെഴുന്നേൽപ്പിൻറെ സ്മരണ പുതുക്കി ഞായറാഴ്ചയാണ് ഈസ്റ്റർ.

**Editor:RENJITH, Source: RELEASE, CNRT:RENJITH(NE), Reader: THULASIDAS P S, DEO:SANDHYA RANI G S**

## IPL

ഐപിഎല്ലിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് സൺ റൈസേഴ്സ് ഹൈദരാബാദ് പോരാട്ടം. ടോസ് നേടിയ കൊൽക്കത്ത ഫീൽഡിങ് തെരഞ്ഞെടുത്തു. കൊൽക്കത്ത യിലെ ഏദൻ ഗാർഡൻസ് ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. പോയിന്റ് പട്ടികയിൽ കൊൽക്കത്ത ഏഴാമതും, ഹൈദരാബാദ് ഒമ്പതാമതുമാണ്.

## ASIAN BOXING CHAMPIONSHIPS

ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ താരം ആദിത്യ പ്രതാപ് യാദവ് ക്വാർട്ടർ ഫൈനലിൽ കടന്നു. മംഗോളിയയിലെ ഉലാൻബാതറിൽ നടന്ന പുരുഷന്മാരുടെ 65 കിലോഗ്രാം വിഭാഗം മത്സരത്തിൽ സൗദി അറേബ്യയുടെ മൂസ അൽഹൗസാവയെ ഏകപക്ഷീയമായ 5 സ്കോറുകൾക്കാണ് ആദിത്യ പരാജയപ്പെടുത്തിയത്. ക്വാർട്ടറിൽ ഉസ്ബെക്കിസ്ഥാന്റെ അബ്ദുള്ളയാണ് ആദിത്യയുടെ എതിരാളി.